കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തെന്മല ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-1/1778/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –30/10/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തെന്മല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെന്മല ഗ്രാമപഞ്ചായത്ത് 2016-2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം തെന്മലഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക

യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-1/1778/2017 തീയതി:30/10/2017

**കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-11-2016 മുതൽ 31-03-2017 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 08 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.09.2017 മുതൽ 23.09.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.വി. മണിലാൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അജ്മൽ.എ.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ചന്ദ്രപ്രകാശ്.സി | സീനിയർഗ്രേഡ്ഓഡിറ്റർ |
| (ബി)നിർവ്വഹണാധികാരികൾ | | |
| പ്രസിഡന്റ് | ശ്രീമതി. ആർ. ലൈലജ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.എ.ഷാജഹാൻ | 01.04.2016 മുതൽ 22.05.2016 വരെ |
| | ശ്രീമതി. പത്മജ തോമസ് (സെക്രട്ടറിയുടെ അധിക ചുമതല) | 23.06.20 6മുതൽ 20.07.2016വരെ |
| | ശ്രീമതി.ജെ.മേരിലത | 21.07.2016 മുതൽ 31.03.2017വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.കെ.രാജോഷ് | 01.04.2016 മുതൽ 30.09.2016വരെ |
| | ശ്രീ. പി.പത്മകുമാർ | 01.10.2016മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഷാജി ബോസ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഹരീഷ് | 01.04.2016മുതൽ 03.07.2016 വരെ |
| | ഡോ. നിതിൻ തോമസ് | 03.07.2017മുതൽ 13.10..2016 വരെ |
| | ഡോ.ഷമീർ (ഇൻ -ചാർജ്ജ്) | 14.10.2017മുതൽ 13.12..2016 വരെ |
| | ഡോ.നിതിൻ തോമസ് | 14.12.2016മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ.പ്രീത.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.അജോയ് സുരേന്ദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |
| പ്രധാന അദ്ധ്യാപിക | ശ്രീമതി. സുജാത. കെ | 1.04.2016മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. പത്മജ തോമസ് | 1.04.2016മുതൽ 03.01.2017 വരെ |
| | ശ്രീ. മൈക്കിൾ.സി | 04.01.2017 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി.അനീസ.എസ്.കെ | 01.04.2016മുതൽ 14.10.2016 |

| | | |
|---|---|---|
| | | വരെ |
| സൂപ്പർവൈസർ | ശ്രീമതി.രേഖ.എസ്.കെ | 15.10.2016മുതൽ 05.12.2016 വരെ |
| | ശ്രീമതി.ദിപ.എസ് | 05.12.2016മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഇടമൺ) | ശ്രീ. നിധീഷ് ദേവ് | 01.04.2016മുതൽ 31.03.2017 വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നമ്പർ | ഖണ്ഡിക | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 | | |
| 12 | തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ | 2-1 |
| 13 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു. | 2-2 |
| 14 | ഇ-ടെണ്ടർ ഫോറവില ഈടാക്കിയിട്ടില്ല. | 2-3 |
| ഭാഗം 3 | | |
| 15 | റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി | 3-1 |
| 16 | നിർമ്മാണപ്രവൃത്തികൾ - സേവനനികുതി ഒടുക്കുവരുത്തിയില്ല. | 3-2 |
| 17 | സാന്ത്വനപരിചരണം രോഗീ-കുടുംബസംഗമം ഗവൺമെന്റ് ഉത്തരവിനുവിരുദ്ധമായി 11,260/- രൂപ അധികം ചെലവഴിച്ചിരിക്കുന്നു | 3-3 |
| 18 | നിലവിൽ ടോയിലറ്റുകൾ ഉണ്ടായിരിക്കെ പ്രൈമറിസ്കൂളിൽ | 3-4 |

| | | |
|---|---|---|
| | "പെൺകുട്ടീസൗഹൃദ ടോയിലറ്റ്" നിർമ്മിച്ചുനൽകി. | |
| 19 | അധ്യാപകബാങ്ക് തയ്യാറാക്കൽ - മാർഗ്ഗരേഖകളിൽ ഉൾപ്പെടാത്ത പദ്ധതിക്ക് തുക ചെലവഴിച്ചിരിക്കുന്നു. | 3-5 |
| 20 | വിനിയോഗക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു. | 3-6 |
| 21 | ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു. | 3-7 |
| 22 | രോഗപ്രതിരോധപ്രവർത്തനങ്ങൾക്ക് വാഹനവാടക - ചെലവുരേഖകളില്ല | 3-8 |
| 23 | ഗ്രീൻഹൗസ് നിർമ്മാണം - പദ്ധതിതുക പാഴ്ചെലവായി | 3-9 |
| 24 | തെരുവുവിളക്കുസ്ഥാപിക്കൽ - പദ്ധതി പൂർണ്ണമായി നടപ്പാക്കാത്തതിനാൽ ലക്ഷ്യം കൈവരിച്ചില്ല | 3-10 |
| 25 | പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്നുവാങ്ങൾ - തുക ചെലവഴിച്ചതിന് രേഖകളില്ല ₹ 2,50,000 തടസ്സപ്പെടുത്തുന്നു. | 3-11 |
| 26 | ഓണം അഡ്വാൻസ് -തിരികെ ഈടാക്കിയില്ല. | 3-12 |
| ഭാഗം 4 | | |
| 27 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനുനൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 30 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 34 | തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |



# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് 04.03.2016 തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 28.06.2017 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-2017 | 21.09.2017 | കെ.എസ്.എ. കെ.എൽ.എം.പി1/1778 /2017,തീയതി 30.10.17 |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

1. വികസന ഫണ്ട്(പൊതുവിഭാഗം) ഇനത്തിൽ എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് (സുലേഖ) പ്രകാരം ട്രഷറിയിൽ നിന്നും മാറിയതായി കാണിച്ചിട്ടുള്ളത് 1,78,91,062/- രൂപയാണ്. എന്നാൽ വാർഷികകണക്കിൽ 1,79,12,272/- രൂപ ഈയിനത്തിൽ വരവ് കാണിച്ചിരിക്കുന്നു:വ്യത്യാസം 21,210/- രൂപ.

2. വസ്തുനികുതി, തൊഴിൽനികുതി എന്നിവയുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷികകണക്കിലുൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3. രജിസ്റ്റർപ്രകാരം വാടക ഡിമാന്റും കളക്ഷനും 69,564/- രൂപ വീതമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ഈയിനത്തിൽ 11,326/- രൂപ കുടിശ്ശിക കാണിച്ചിരിക്കുന്നു. അതേസമയം 2015-16 ഡി.സി.ബി. പ്രകാരം കുടിശ്ശിക 18,276/- രൂപയാണ്.

4. ഡി&ഒ രജിസ്റ്റർപ്രകാരം ഡിമാന്റ് 1,08,050/- രൂപയാണ്. എന്നാൽ വാർഷികകണക്കിൽ 91,300/- രൂപ കാണിച്ചിരിക്കുന്നു.

5. രജിസ്റ്റർപ്രകാരം സപ്ലയേഴ്സ് ഇ.എം.ഡി.യിൽ തൻവർഷവരവ് 1,39,300/- രൂപയാണ്. എന്നാൽ വാർഷികകണക്കിൽ 1,41,650/- കാണിച്ചിരിക്കുന്നു.

6. ആസ്തിരജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ള ആസ്തിമൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7. ആസ്തികളുടെ തേയ്മാനം സംബന്ധിച്ച് ആസ്തി തിരിച്ചുള്ള പത്രിക ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ അക്യൂമുലേറ്റഡ് ഡിപ്രിസിയേഷൻ ഇനത്തിൽ കാണിച്ചിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 72,10,033 |
| വരവ് | 6,24,88,527 |
| ആകെ | 6,96,98,560 |
| ചെലവ് | 5,78,15,607 |
| നീക്കിയിരിപ്പ് | 1,18,82,953 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,78,91,062 | 1,78,91,062 | 1,78,91,062 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 47,96,257 | 47,96,257 | 47,96,257 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 12,56,698 | 12,56,698 | 12,56,698 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 20,66,429 | 20,66,429 | 20,66,429 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 34,81,192 | 34,81,192 | 34,81,192 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 83,32,864 | 83,32,864 | 83,32,864 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 101 | 16,70,058 | 16,70,159 | 16,53,321 | 16,838 |
| ബി.ഫണ്ട് | 0 | 3,36,91,005 | 3,36,91,005 | 3,36,91,005 | 0 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 8,18,72,594 | 98 | 4,14,65,644 | 86 | 05 | 51.86% |

## 1-7 തനതുവരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെപ്പറയുംപ്രകാരം 26.75 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 26,27,243 | 39,22,577 | 12,95,334 | 49% |
| നികുതിയേതര വരവുകൾ | 4,95,293 | 7,36,410 | 7,36,410 | 148% |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 73,45,941 | 86,09,987 | 12,64,046 | 17.2% |
| ആകെ | 1,04,68,477 | 1,32,68,974 | 28,00,497 | 26.75% |

തൻവർഷം വാർഷികധനകാര്യപത്രികയിലെ വരവുതുകയുമായി സാംഖ്യ സോഫ്റ്റ്‌വെയറിലെ ഡി.സി.ബി. പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 1,74,000 | 232 |
| കർഷകതൊഴിലാളിപെൻഷൻ | 55,33,250 | 2203 |
| വിധവാപെൻഷൻ | 1,55,72,870 | 5143 |
| വാർദ്ധക്യകാലപെൻഷൻ | 86,59,290 | 1053 |
| വികലാംഗപെൻഷൻ | 30,92,995 | 1053 |
| അൻപതുവയസ്സിന് മുകളിലുള്ള അവിവാഹിതരായസ്ത്രീകൾക്കുള്ള പെൻഷൻ | 2,98,600 | 98 |
| വിവാഹധനസഹായം | 3,60,000 | 12 |

## 1-9 ക്യാഷ്‌വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പുപ്രകാരമുള്ള ക്യാഷ് ബാലൻസ്പരിശോധന 18.09.2017 വൈകുന്നേരം 3.30-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,656/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ആസ്തിരജിസ്റ്റർ, തെരുവുവിളക്കുകൾ പരിപാലിക്കുന്ന രജിസ്റ്റർ എന്നിവയുടെ പരിപാലനം കൃത്യമല്ല. രസീത് എഴുതി ക്യാൻസൽ ചെയ്യുന്നത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. രസീതു ബുക്കുകളിൽ താളുകളുടെ സംഷിപ്തം സംബന്ധിച്ച സാക്ഷ്യപത്രം എഴുതിയിട്ടില്ല. ലോഗ് ബുക്കിൽ മാസാന്ത്യമുള്ള സാക്ഷ്യപ്പെടുത്തലുകൾ സെക്രട്ടറി നടത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.08.2017 | 07/2017 | 11.09.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.07.2016 മുതൽ 04.08.2017 വരെ | 2010-2011 മുതൽ 2015-2016 വരെ | 07.10.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങൾ

(എ) സ്ഥാപന തൊഴിൽനികുതി

തെന്മല ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽനികുതിഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|

| | |
|---|---|
| 1 | ബി.എസ്.എൻ.എൽ, കമ്മ്യൂണിക്കേഷൻ ഡിവിഷൻ, തെന്മല |
| 2 | കെ.എസ്.ഇ.ബി., സബ് ഡിവിഷൻ (ജനറേഷൻ), തെന്മല |
| 3 | കെ.എസ്.ഇ.ബി., 220 കെ.വി. സബ് ഡിവിഷൻ തെന്മല |
| 4 | കെ.എസ്.ഇ.ബി, ലൈൻ മെയിന്റനൻസ് സബ് ഡിവിഷൻ,തെന്മല |
| 5 | കെ.എസ്.ഇ.ബി.,പുനലൂർ ഇലക്ട്രിക്കൽ ഡിവിഷൻ |
| 6 | ബി.എസ്.എൻ.എൽ, തെന്മല |
| 7 | ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്ക്, ഉറുകുന്ന് |
| 8 | ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്ക്, തെന്മല. |
| 9 | മുത്തൂറ്റ് ഫിൻ കോർപ്പ്. ഇടമൺ |
| 10 | ഇടമൺ സർവ്വീസ് സഹകരണ ബാങ്ക്, (2ാം അർദ്ധ വർഷം) |
| 11 | അമൃത എഞ്ചിനീയറിംഗ് |
| 12 | മുല്ലക്കൽ കൺസ്ട്രക്ഷൻസ് |
| 13 | തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി. |

(ബി) ജീവനക്കാരുടെ തൊഴിൽനികുതി

ഗ്രാമപഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന സോൾവ് പ്ലാസ്റ്റിക് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പി.വി.സി പൈപ്പ് നിർമ്മാണസ്ഥാപനം, സഫീർ കമ്പിലൈനിൽ വീട് എന്ന വ്യക്തി നടത്തുന്ന മണൽ നിർമ്മാണസ്ഥാപനം എന്നിവിടങ്ങളിൽനിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 06/18.09.2017ന് മേൽ സ്ഥാപനങ്ങളിൽനിന്ന് തൊഴിൽനികുതി ഈടാക്കുന്നതിന്

നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ തൊഴിൽനികുതി 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 3 സെക്ഷൻ 204 പ്രകാരം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്കുവിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്നിരിക്കെ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ ലേലംകൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കടമുറി നമ്പർ | പേര് |
|---|---|---|
| 1 | 2 | ബാബാ സാഹിബ്, ചരുവിള വീട്, തെന്മല |
| 2 | 3 | കതിരേശൻ |
| 3 | 4 | കെ.പ്രകാശ്,വിജയവിലാസം, തെന്മല |
| 4 | 6 | ബാബാ സാഹിബ്, ചരുവിള വീട്, തെന്മല |
| 5 | 7 | വസന്താമ്മാൾ, വസന്തഭവനം, തെന്മല |
| 6 | 8 | വസന്താമ്മാൾ, വസന്തഭവനം, തെന്മല |
| 7 | 9 | കുട്ടി,അരുൺഭവനം, തെന്മല |
| 8 | 10 | പ്രസാദ്, പ്രദീപ് ഭവനം, ഒറ്റക്കൽ |
| 9 | 11 | വസന്താമ്മാൾ, വസന്തഭവനം, തെന്മല |
| 10 | 12 | രാജ്കുമാർ, സരസ്വതി വിലാസം, തെന്മല |
| 11 | 13 | സുബ്രഹ്മണ്യൻ, ശ്രീശൈലം, തെന്മല |
| 12 | 14 | ബാലകൃഷ്ണൻ, സുബി വിലാസം, പനയംചേരി,അഞ്ചൽ |
| 13 | 15 | കെ.പ്രകാശ്, വിജയ വിലാസം തെന്മല |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 09/19.09.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ അറിവോടുകൂടി

ലൈസൻസ് കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമലംഘനമാണ്. ചട്ടലംഘനത്തിന് സെക്ഷൻ 255 ചട്ടങ്ങളിലെ ചട്ടം 22 പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതും താമസിച്ച് ലഭിക്കുന്ന അപേക്ഷകളിന്മേൽ ചട്ടം 19 (പട്ടിക III ന്റെ കാര്യത്തിൽ ) / ചട്ടം 22 (പട്ടിക Ivകാര്യത്തിൽ) ലൈസൻസ് ഫീസിന്റെ 25% അധികം ഫീസ് ചുമത്തി നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 2-3 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്തുപണികൾ- ടെണ്ടർ ഫീ നഗരസഭാഫണ്ടിൽ ഒടുക്കുന്നില്ല

2016-17-ൽ 17-ാം ബ്ലോക്ക്- അക്വാഡക്റ്റ് റെയിൽവേ ലൈൻ റോഡ് നിർമ്മാണം, തേവർകുന്ന് മൂലക്കുഴി റോഡ് സൈഡ്‌വാൾ നിർമ്മാണം എന്നീ മരാമത്തുപണികൾ ഇ-ടെണ്ടർ നടത്തിയപ്പോൾ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച 2,800/- രൂപയും വാറ്റ് 140/- രൂപയും കൊല്ലം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് നാളിതുവരെയും ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. ടി തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി

2015-16- ൽ DSR-2014 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2016-17-ൽ സ്പിൽ ഓവറായി നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ ഉൾപ്പെട്ട 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകിയിട്ടുണ്ട്. CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate ആയ 4,753.29/- രൂപയുടെ കൂടെ PWD ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin/PLA/1014/2005 സർക്കുലർപ്രകാരം കൊല്ലം ജില്ലയ്ക്ക് 01.01.2015 മുതൽ ബാധകമായ Cost Index ആയ 1.4190 ചേർത്ത് ഗുണഭോക്തൃസമിതി കൺവീനർക്ക് നൽകാവുന്ന നിരക്ക് m3-ന് 6,745/- രൂപയാണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തിയ്ക്ക് 1:2:4 റോഡ് കോൺക്രീറ്റിംഗിനു പുറമേ തറനിരപ്പാക്കി ഉറപ്പിക്കുന്നതിന് (Flooring, DSRCode:11.7) നൽകേണ്ട നിരക്കുകൂടി ചേർത്താണ് പ്രസ്തുത ഇനത്തിന് തുക നൽകിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു;

നേതാജി - നിരപ്പിൻപുറം റോഡ്കോൺക്രീറ്റിംഗ്

പ്രോജക്റ്റ് നം. : 111/17( സ്പിൽഓവർ)

എസ്റ്റിമേറ്റ് : 4,80,000/-(ലോകബാങ്ക്)

ടി.എസ്.നം. : 397/15-16/10.7.2015

കൺവീനർ : ശ്രീ ഗോപാലകൃഷ്ണപിള്ള

എം. ബുക്ക് നം. : 21/16-17

ബിൽ നം.: 4/16-17/24.10.2016 = 4,17,774/- രൂപ

പ്രവൃത്തിയുടെ പത്താമിനമായി 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് 21.50m3 ചെയ്തതിന് 7106/$m^3$ നിരക്കിൽ നൽകിയ തുക – 21.50x7106 = 152779

അനുവദനീയമായ തുക – 21.50x6745 = 145018

അധികം നൽകിയ തുക= 7,761/- രൂപ(1,52,779-1,45,018)

മേൽ സൂചിപ്പിച്ച പ്രകാരം അധികം നൽകിയ 7,761/- രൂപ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണം നടത്തിയ അസി. എഞ്ചിനീയർ എന്നിവരിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 നിർമ്മാണപ്രവൃത്തികൾ - സേവനനികുതി ഒടുക്കുവരുത്തിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് സേവനനികുതിയിനത്തിൽ 6% തുക വകയിരുത്തിയാണ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ താഴെ കൊടുത്തിട്ടുള്ള നിർമ്മാണപ്രവൃത്തികൾക്ക് ബില്ലുമാറി തുക നൽകിയെങ്കിലും സേവനനികുതിയിനത്തിലുള്ള തുക ബന്ധപ്പെട്ട ഫണ്ടിൽനിന്നും മാറിയെടുക്കുകയോ ഒടുക്കുവരുത്തുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നമ്പർ | പ്രോജക്റ്റ് നം./പേര് | ഫണ്ടിനം | ചെലവഴിച്ച തുക | ബിൽ നം. | ഒടുക്കേണ്ടിയിരുന്ന സേവന നികുതി |
|---|---|---|---|---|---|
| 1. | 128/17-പഴയ പി.എച്ച്.സി. കെട്ടിടം മെയിന്റനൻസ് | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 2,49,948 | 10/16-17 /29.2.17 | 14,997 |

| | | | | | |
|---|---|---|---|---|---|
| 2. | 129/17- ഒറ്റക്കൽ യു.പി.എസ്. മെയിന്റനൻസ് | -ടി- | 1,78,883 | 21/16-17 /14.3.17 | 10,733 |
| 3. | 64/17- ഒറ്റക്കൽ വയോജന സൗഹാർദ്ദ കേന്ദ്രം | വികസന ഫണ്ട്-ജനറൽ | 4,63,563 | 20/16-17 /14.3.17 | 27,814 |
| | ആകെ | | | | 53,544 |

മേൽ സൂചിപ്പിച്ച അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/15.9.2017-ന് പുതിയ പ്രോജക്റ്റ് തയ്യാറാക്കി സേവനനികുതി ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-3 സാന്ത്വനപരിചരണം രോഗീ-കുടുംബസംഗമം ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി 11,260/- രൂപ അധികം ചെലവഴിച്ചിരിക്കുന്നു

സാന്ത്വനപരിചരണം രോഗീ-കുടുംബസംഗമം പദ്ധതിയിൽ ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി 11,260/- രൂപ അധികം ചെലവഴിച്ചിരിക്കുന്നു .( പദ്ധതി നം: 92/17) സാന്ത്വനപരിചരണത്തിന്റെ ഭാഗമായി 28-03-17-ൽ നടത്തിയ രോഗീ-കുടുംബസംഗമത്തിന് ബിൽ നം: 10/16-17 ( 31.3.17 )പ്രകാരം 22,900/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ലിസ്റ്റുപ്രകാരം 250 പേർക്ക് ഉച്ചഭക്ഷണത്തിന് 60 /- രൂപ നിരക്കിൽ 15,000/- രൂപയും, ചായ, ലഘുഭക്ഷണം, ലൈറ്റ് & സൗണ്ട്, സ്റ്റേജ് എന്നിവയ്ക്ക് 7,900/- രൂപയും ചെലവഴിച്ചിരിക്കുന്നു. പി. എം.സി.യുടെ മിനുട്ട്സ്പ്രകാരം 144 പേർ മാത്രമാണ് 28.3.17 ലെ പരിപാടിയിൽ പങ്കെടുത്തിട്ടുള്ളത്. ഇപ്രകാരം ഒരാൾക്ക് 60/- രൂപ നിരക്കിൽ 8,640/- രൂപയും മറ്റു ചെലവുകൾക്ക് 3,000/- രൂപയും മാത്രമാണ് ജി.ഒ.(ആർ.ടി ) 3217/15, ത. സ്വ.ഭ.വ. തിയതി 29.10.15. ഖണ്ഡിക 2.6.13 പ്രകാരം അനുവദനീയമായത്. ഇതിനു വിരുദ്ധമായി ₹ 11,260 അധികം ചെലവഴിച്ചിരിക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥർ ഡോ.നിതിൻ തോംസനിൽനിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 14 .9.17 ൽ നൽകിയ എൻക്വയറി II -ന് മറുപടി നൽകിയിട്ടില്ല.

## 3-4 നിലവിൽ പെൺകുട്ടികൾക്ക് ടോയ്‌ലെറ്റുകൾ ഉണ്ടായിരിക്കെ പ്രൈമറി സ്കൂളിൽ "പെൺകുട്ടി സൗഹൃദ ടോയിലറ്റ്" നിർമ്മിച്ചുനൽകി

പ്രോജക്റ്റ് നം. :112/17(സ്പിൽ ഓവർ)

എസ്റ്റിമേറ്റ് : 3,00,000/-(വികസന ഫണ്ട്-ജനറൽ)

സാങ്കേതികാനുമതി നം.: 568/15-16/26.8.2015

ചെലവഴിച്ച തുക : 2,99,104/-രൂപ

ബിൽ നം. : 2/16-17/30.9.2016

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് നം. 112/17(സ്പിൽ ഓവർ) പ്രകാരം ഗുണഭോക്തൃസമിതിമുഖേന തെൻമല എൽ.പി.സ്കൂളിന് 2,99,104/- രൂപ ചെലവഴിച്ച് "പെൺകുട്ടീസൗഹൃദടോയിലറ്റ്" നിർമ്മിച്ചുനൽകി. ഇതു സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്റേയും സ്ഥലപരിശോധനനടത്തിയതിന്റേയും അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്;

1. നിലവിൽ തെൻമല എൽ.പി.സ്കൂളിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവർത്തനക്ഷമമായ പ്രത്യേകം പ്രത്യേകം ടോയിലറ്റുകൾ ഉണ്ടായിരിക്കേയാണ് പുതിയ ടോയിലറ്റ് നിർമ്മിച്ചത്.

2. നിലവിൽ പ്രസ്തുത ടോയിലറ്റ് പ്രവർത്തനമില്ലാതെ പൂട്ടിക്കിടക്കുകയാണ്.

3. ടോയിലറ്റിനാവശ്യമായ ജലലഭ്യതയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/15.9.2017-ന്, ഗ്രാമസഭ, കേരളോത്സവം, വികസനസെമിനാർ എന്നിവ ടി സ്കൂളിൽവച്ച് നടത്തുമ്പോൾ സ്ത്രീസൗഹൃദടോയ്ലറ്റ് ആവശ്യമാണെന്ന പഞ്ചായത്ത് ഭരണസമിതി വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ടോയിലറ്റ് നിർമ്മിച്ചത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ പുറത്തുനിന്നുള്ളവരുടെ സൗകര്യാർത്ഥം പ്രൈമറി സ്കൂളിൽ ടോയിലറ്റ് നിർമ്മിച്ച നൽകാൻ വ്യവസ്ഥയില്ല. പ്രോജക്റ്റിലോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുമില്ല. അതിനാൽ മറുപടി ന്യായീകരിക്കത്തക്കതല്ല. മേൽ സൂചിപ്പിച്ചപ്രകാരം ടോയിലറ്റിനുവേണ്ടി പണം ചെലവഴിച്ചത് പാഴ്ചെലവാണ്. പദ്ധതിപ്പണം കാര്യക്ഷമമായി വിനിയോഗിക്കുന്നതിൽ ഭരണസമിതിയുടേയും നിർവ്വഹണോദ്യോഗസ്ഥന്റേയും ഭാഗത്ത് വീഴ്ച വന്നിട്ടുള്ളതായി ഓഡിറ്റിൽ വിലയിരുത്തുന്നു.

## 3-5 അധ്യാപക ബാങ്ക് തയ്യാറാക്കൽ - മാർഗ്ഗരേഖകളിൽ ഉൾപ്പെടാത്ത പദ്ധതിക്ക് തുക ചെലവഴിച്ചിരിക്കുന്നു

ഹെഡ്മിസ്ട്രസ് ഗവ.ജി.എൽ.പി.എസ്. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ 94/17 നം പ്രോജക്ടിന് ₹98,000/- തനതുഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. ഗവ.സ്കൂളുകളിൽ നിന്നും അധ്യാപകർ സ്ഥലംമാറ്റംവാങ്ങി പോകുന്നതിനാൽ അധ്യാപനം മുടങ്ങാതിരിക്കുക എന്ന കാരണമാണ് പദ്ധതി നടപ്പിലാക്കിയതിനുള്ള കാരണമായി നിർവ്വഹണ ഉദ്യോഗസ്ഥർ പറയുന്നത്. അധ്യാപകർ സ്ഥലംമാറ്റം വാങ്ങിപ്പോകുമ്പോൾ മറ്റൊരാളെ നിയമിക്കുവാൻ സർക്കാർ സംവിധാനങ്ങൾ ഉള്ളപ്പോഴും, ദിവസവേതന അടിസ്ഥാനത്തിൽ ഗവ.സ്കൂളുകളിൽ അധ്യാപകരെ നിയമിക്കാൻ കഴിയുമെന്നിരികെയും രണ്ട് സ്കൂളുകളിലായിമാത്രം അധ്യാപകരെ നിയമിച്ച് ₹98,000/- രൂപ ചെലവഴിച്ചിരിക്കുന്നു. അധ്യാപകരെ ഒഴിവുകളിലേക്കാണോ നിയമിച്ചിട്ടുള്ളത് എന്നതിന് വ്യക്തതയില്ല. നിയമനം ലഭിച്ചവർക്ക് ഒരു ദിവസത്തേക്ക് ₹500/- വീതം ആകെ ₹98,000/- ചെലവഴിച്ചിരിക്കുന്നു. ഇങ്ങനെയൊരു പദ്ധതി നടപ്പിലാക്കുവാൻ മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്നില്ല. കൂടാതെ പദ്ധതിക്ക് കോർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരവും ഇല്ല. പദ്ധതിചെലവ് സംബന്ധിച്ച് നൽകിയ എൻക്വയറി 1 ന് മറുപടിയും നൽകിയിട്ടില്ല. ₹ 98,000/- ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 വിനിയോഗക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി താഴെപ്പറയുംപ്രകാരം ചെലവുചെയ്ത തുകകൾക്കുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കയിട്ടില്ല;

| ക്രമ നം. | പ്രോജക്ട്നം. /പേര് | നൽകിയ തുക | ഫണ്ടിനം. | കൈപ്പറ്റിയ സ്ഥാപനം | ബിൽ/ഡി.ഡി. നം. |
|---|---|---|---|---|---|
| 1. | 157/17-തെൻമല കുടിവെള്ള പദ്ധതി-പത്തേക്കറിൽ വിപുലീകരണം | 1,68,715 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | കേരളാ വാട്ടർ അതോറിറ്റി, കൊട്ടാരക്കര ഡിവിഷൻ | 29/16-17 /7.3.2017 |
| 2. | 155/17-അംബേദ്കർ കോളനി കുടിവെള്ള പദ്ധതി വിപുലീകരണം | 4,00,000 | -ടി- | -ടി- | 31/16-17 /7.3.2017 |

| | | | | | |
|---|---|---|---|---|---|
| 3. | 149/17- പോസ്റ്റ് ഷിഫ്റ്റിംഗ് | 1,88,230 | വികസന ഫണ്ട്- ജനറൽ | കെ.എസ്.ഇ.ബി.തെൻമല, പുനലൂർ ഡിവിഷനുകൾ | 19/16-17 /25.1.2017, 44/16-17/3.2.17 |
| | ആകെ | 7,56,945 | | | |

വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 7,56,945/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷികപദ്ധതിപ്രകാരം ലഭിച്ച വിവിധ ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച വന്നതുമൂലം 3,07,55,547/-രൂപയുടെ പദ്ധതിപ്പണം നഷ്ടപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവഴിച്ച തുക | ചെലവ് ശതമാനം | സഞ്ചിതനിധി യിലേക്ക് തിരികെപ്പോയ തുക |
|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 2,55,86,256 | 1,78,91,062 | 70 | 76,95,194 |
| വികസനഫണ്ട് (എസ്.സി.പി.) | 78,37,808 | 47,96,257 | 61 | 30,41,551 |
| വികസനഫണ്ട് (ടി.എസ്.പി.) | 13,97,434 | 12,56,698 | 90 | 1,40,736 |
| സംരക്ഷണ ഗ്രാന്റ് | 1,38,98,485 | 55,47,621 | 40 | 83,50,864 |
| 13-ാം ധനകാര്യകമ്മീഷൻ | 1,36,95,753 | 83,32,864 | 61 | 53,62,889 |
| ലോകബാങ്ക് സഹായം | 70,80,122 | 9,15,809 | 13 | 61,64,313 |
| ആകെ | 6,94,95,858 | 38,74,0311 | 55.74 | 30,755,547 |

പെർഫോമൻസ് ഗ്രാന്റ് വിനിയോഗത്തിലെ കുറഞ്ഞ ശതമാനം തുടർന്നുള്ള വർഷങ്ങളിലെ ഗ്രാന്റ് ലഭ്യതയെ ബാധിക്കുമെന്നതിനാൽ ഇതിലേയ്ക്ക്

ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 3-8 രോഗപ്രതിരോധപ്രവർത്തനങ്ങൾക്ക് വാഹനവാടക - ചെലവുരേഖകൾ ഇല്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി പ്രതിരോധ കുത്തിവെപ്പ് എന്ന പദ്ധതിക്കായി വാഹനവാടക ഇനത്തിൽ തുകകൾ ചെലവഴിച്ചിട്ടുണ്ട്. ബിൽ നംപർ 01/16-17(26.10.17) പ്രകാരം ചെലവഴിച്ച 44,300/- രൂപയിൽ 1,500/- രൂപയുടെ രേഖകൾ ഇല്ല, ബിൽ നം: 03/16-17 (22.2.17) പ്രകാരം ചെലവഴിച്ച 17,000/- രൂപയിൽ 1,200/- രൂപയുടെയും ചെലവ് രേഖകൾ ഇല്ല. 1,500+ 1,200= 2,700 /-രൂപ KL 24-5444 വാഹനത്തിന്റെ ഡ്രൈവർ ശ്രീ.വിനോദ് കുമാറിന്റെ അക്കൗണ്ടിലേക്ക് (a/c: 67309498703) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രേഖകൾ ഹാജരാക്കുവാൻ 22.9.17 -ൽ എൻക്വയറി 13 നൽകിയിരുന്നു. ചെലവുരേഖയായ ട്രിപ്പ് ഷീറ്റ് ഇല്ലാത്തതിനാൽ ₹2,700/- ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഡോ.നിതിൻ തോംസനിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-9 ഗ്രീൻഹൗസ് നിർമ്മാണം - പദ്ധതിതുക പാഴ്ചെലവായി

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗ്രീൻ ഹൗസ് നിർമ്മാണം പദ്ധതിക്കായി ₹ 66,000/- ബിൽ നം: 10/16-17(29-3-17) പ്രകാരം ചെഴവഴിച്ചിട്ടുണ്ട്. തെന്മല ഗ്രാമപഞ്ചായത്ത്, ഗവ.എൽ.പി.എസ്. തെന്മല, കൃഷിഭവൻ എന്നിവിടങ്ങളിൽ ഗ്രീൻഹൗസ് സ്ഥാപിക്കുന്നതിനാണ് ചെലവ് വന്നിട്ടുള്ളത്. കാർഷിക അടിസ്ഥാനസൗകര്യവികസനം, പച്ചക്കറിതൈകൾ, ചെടികൾ പരിപാലിക്കുക എന്നിവയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. സൂര്യപ്രകാശത്തിന്റെ ഉപയോഗം പരമാവധി കാര്യക്ഷമമായി പ്രയോജനപ്പെടുത്തുകയും വിളകളെ ദോഷകരമായി ബാധിക്കുന്ന പ്രകാശരശ്മികളെ തടഞ്ഞ് കാർബൻ ഡൈ ഓക്സൈഡിന്റെ സാന്ദ്രതകൂട്ടി സസ്യവളർച്ച കൂടുതൽ നന്നാക്കുക, കൂടാതെ കാറ്റ്, വെയിൽ, മഴ, ഇവകളിൽനിന്നും വിളകളെ രക്ഷിക്കുക എന്നതാണ് ഗ്രീൻഹൗസ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ളത് കമ്പികളിൽ പച്ച നെറ്റ് സ്ഥാപിക്കുകയാണ്. ഗ്രാമപഞ്ചായത്തിലും, ജി.എൽ.പി.എസ്സിലും സ്ഥാപിച്ചവയിലെ നെറ്റ് തകർന്നനിലയിലാണ്. കൂടാതെ ഇതിനുള്ളിൽ കാട് പിടിച്ച അവസ്ഥയിലുമാണ്. വന്യജീവികളുടെ ആക്രമണമുള്ള പ്രത്യേകിച്ചും കുരങ്ങൻമാർ കൂടുതലുള്ള ഈ പ്രദേശത്ത് ഗ്രീൻഹൗസ് സംരക്ഷിച്ച് പരിപാലിക്കുവാൻ കഴിയില്ല എന്നറിഞ്ഞുകൊണ്ട് നിർമ്മിച്ച ഈ രണ്ട് ഗ്രീൻ ഹൗസുകളുടെ തുടർസംരക്ഷണത്തിനുവേണ്ടി തുകകൾ ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്. പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ് എന്ന്

കൂടി ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 3-10 തെരുവുവിളക്ക് സ്ഥാപിക്കൽ - പദ്ധതി പൂർണ്ണമായി നടപ്പാക്കാത്തതിനാൽ ലക്ഷ്യം കൈവരിച്ചില്ല

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ തെരുവുവിളക്ക് സ്ഥാപിക്കൽ, തെരുവു വിളക്ക് മെയിന്റനൻസ് (പ്രോജക്ട് നംപരുകൾ:-59/17,60/17,62/17,132/17) പദ്ധതികൾക്കായി ₹10,76,700/- ചെലവഴിച്ച 388 തെരുവുവിളക്കുകൾ വാങ്ങിയിട്ടുണ്ട്. എസ്.സി കോളനികൾ, ഉറുകുന്ന്-മാമ്പഴത്തറ എസ്. ടി കോളനികളിൽ സ്ഥാപിക്കുന്നതിന് വേണ്ടിയാണ് 388 എൽ.ഇ.ഡി വിളക്കുകൾ വാങ്ങിയത്. തെരുവുവിളക്കുവാങ്ങി സ്ഥാപിക്കൽ എന്നതായിരുന്ന പ്രോജക്ടുകൾ എന്നിരികെ "വാങ്ങൽ" മാത്രമാണ് നടന്നിട്ടുള്ളത് "സ്ഥാപിക്കൽ" നടന്നിട്ടില്ല. ബിൽ നംപരുകൾ 4/16-17,5/16-17, 6/16-17, 7/16-17 പ്രകാരം യഥാക്രമം ₹2,38,650, ₹4,38,450, ₹99,900, ₹2,99,700 , ആകെ ₹10,76,700 രൂപയുടെ ചെലവുണ്ടായിട്ടുണ്ട്. ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിലക്ഷ്യം വച്ചതുപോലെ ടി കോളനികളിൽ തെരുവുവിളക്കുകൾ അടിയന്തിരമായി സ്ഥാപിച്ച് 10,76,700/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്. കൂടാതെ സ്ഥാപിക്കുന്നതിനായി പ്രത്യേകം തുക ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 3-11 പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്നുവാങ്ങൽ - തുക ചെലവഴിച്ചതിന് രേഖകളില്ല ₹2,50,000 തടസ്സപ്പെടുത്തുന്നു.(പ്രോജക്ട് നമ്പർ: 94/17)

തെന്മല ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി ബിൽ നം: 7/16-17 തിയതി 13.3.17 പ്രകാരം ₹ 2,50,000 രൂപ പിൻവലിച്ചിട്ടുണ്ട് . ടി തുക ചെലവഴിച്ചതിന്റെ രേഖകളായ എൻ.എ.സി, ഇൻഡന്റ്, സ്ഥാപനത്തിൽനിന്നുള്ള ഇൻവോയിസ്, അന്തിമബിൽ, സ്റ്റോക്ക്രജിസ്റ്റർ, മരുന്നുകൾ വാങ്ങുന്നതിനായി തുക ഏത് സ്ഥാപനത്തിനാണ് നൽകിയത് എന്നീ രേഖകളൊന്നും പരിശോധനയ്ക്ക് നൽകിയിട്ടില്ല. 14-09-17-ൽ നൽകിയ എൻക്വയറിക്ക് മറുപടി നൽകുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ ₹2,50,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ഓണം അഡ്വാൻസ് തിരികെ ഈടാക്കിയിട്ടില്ല

2016 സെപ്റ്റംബറിൽ ഓണം അഡ്വാൻസായി അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന ശ്രീമതി.പദ്മജ തോമസിനു നൽകിയ 15,000 രൂപയിൽ 3,000/- രൂപ തിരികെ ഈടാക്കാൻ ബാക്കിനിൽക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/18.09.2017-ന് മറുപടി നൽകിയില്ല. രേഖകൾ പരിശോധിച്ചതിൽ ഈ വ്യക്തി ഓഫീസിൽനിന്നും ട്രാൻസ്ഫർ ആയി പോയതായി

വ്യക്തമായിട്ടുണ്ട്. ഈടാക്കാൻ ബാക്കിനിൽക്കുന്ന തുക ഈ വ്യക്തിയിൽനിന്നോ തിരികെ ഈടാക്കുന്നതിൽ വീഴ്ചവരുത്തിയ സെക്രട്ടറിയിൽനിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016 | 1,00,000 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 0 | 1,00,000 |
| ജില്ലാപഞ്ചായത്ത് | 2016 | 1,00,000 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 79,300 | 20,700 |

### 4-2 ഡെപ്പോസിറ്റ്വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ്വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കിതുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറ്റി | അംബേദ്കർ കോളനി കുടിവെള്ള പദ്ധതി | 31/16-17 /7.3.17 | 4,00,000 | | 4,00,000 |
| കേരളാ വാട്ടർ അതോറ്റി | തെന്മല കുടിവെള്ള പദ്ധതി വിപുലീകരണം | 29/16-17 /7.3.17 | 1,68,715 | | 1,68,715 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റിവയ്ക്കൽ | 19/16-17 /25.1.17 44/16-17 /3.2.17 | 1,88,230 | | 1,88,230 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,14,609/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-2014 | 2-1(എ) | 250 | ആർ.അജയകുമാർ, വൈൽഡ് ലൈഫ് ഡിവിഷൻ,തെന്മല | 1160101054/04.08.2016 |
| 2014-2015 | 2-1(എ),(3) | 150 | ഖുറേഷ്യാബീവി, സ്വീപ്പർ, കൊല്ലം ജില്ലാ സഹകരണ ബാങ്ക് | 1160100808/29.06.2016 |
| 2014-2015 | 2-1(ബി)(3) | 480 | വെൽടെക് എഞ്ചിനീയേഴ്സ്, ഇടമൺ | 1160100955/20.07.2016 |
| 2013-2014 2014-2015 | 2-1(ബി)(6) | 5,000 | വെൽടെക് എഞ്ചിനീയേഴ്സ്, ഇടമൺ | 1160100956/20.07.2016 |

| | | | | |
|---|---|---|---|---|
| 2013-2014<br>2014-2015 | 3-1 | 5,674 | ലളിതാംബിക, പിറ്റി.എസ്., തെന്മല ഗ്രാമ പഞ്ചായത്ത് | 1160100863 & 1160100864/07.07.2007 |
| 2014-2015 | 3-2 | 6,300 | സജി അജിത്ത് കുമാർ, അറ്റൻഡർ, എൻ.ആർ.എച്ച്.എം ഹോമിയോ | 1160100866/20.07.2016 |
| 2014-2015 | 3-4 | 974 | ഹരീഷ് കുമാർ, എൽ.ഡി.സി, തെന്മല ഗ്രാമ പഞ്ചായത്ത് | 1160100867/20.07.2016 |
| 2014-2015 | 3-9 | 1,000 | വെറ്റിനറി സർജൻ, തെന്മല | 1160100972/22.07.2016 |
| 2014-2015 | 3-12 | 1,94,781 | വി.ഇ.ഒ, തെന്മല | 1160100864/18.07.2016 |

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-16 | 2010-11 | 5-2.6(2) | ഹരിയാലി പദ്ധതിയിൽ ക്രമക്കേട്-ബാങ്ക് പലിശ കൃഷി ഓഫീസർ പിൻവലിച്ച | പിൻവലിച്ചിട്ടുള്ള തുക കൃഷി ഓഫീസർ 10-05-12 ൽ 36104/83 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,24,88,527 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,78,15,607 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19,021 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,81,645 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

<table>
<tr><th rowspan="2">ഖണ്ഡിക നമ്പർ</th><th colspan="3">നഷ്ടമായ തുക</th><th rowspan="2">ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും</th></tr>
<tr><th>ചാർജ് ചെയ്യാവുന്നവ</th><th colspan="2">സർചാർജ് ചെയ്യാവുന്നവ</th></tr>
<tr><td rowspan="2">3-1</td><td rowspan="2"></td><td rowspan="2">7,761</td><td>3,880</td><td>ശ്രീ.രാജേഷ്.ബി.കെ , അസിസ്റ്റന്റ്എഞ്ചിനീയർ</td></tr>
<tr><td>3,881</td><td>ശ്രീ.വിജയകുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ</td></tr>
<tr><td>3-3</td><td></td><td colspan="2">11,260</td><td>ഡോ. നിതിൻതോമസ് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി</td></tr>
<tr><td>3-8</td><td></td><td colspan="2">2,700</td><td>ഡോ. നിതിൻതോമസ് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി</td></tr>
</table>

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| | | |
|---|---|---|
| | | പേരും ഉദ്യോഗപ്പേരും |
| 3-5 | 98,000 | ഡോ. നിതിൻതോമസ്<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി |
| 3-6 | 7,56,945 | ശ്രീ. രാജു, സെക്രട്ടറി,<br>തെന്മല ഗ്രാമ പഞ്ചായത്ത് |
| 3-10 | 10,76,700 | ശ്രീ. മൈക്കിൾ, അസിസ്റ്റന്റ് സെക്രട്ടറി,<br>തെന്മല ഗ്രാമ പഞ്ചായത്ത് |
| 3-11 | 2,50,000 | ഡോ. നിതിൻതോമസ്<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖ.3-2 53,544 /-
(കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം ഖണ്ഡിക 3-2 പ്രകാരം സേവന നികുതിയിനത്തിൽ )

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജേഷ്.ബി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | പഞ്ചവിള വീട്,<br>പേരൂർ,<br>ടി.കെ.<br>എം.സി (പി.ഒ) |

| | | |
|---|---|---|
| | | കൊല്ലം. |
| ശ്രീ.വിജയകുമാർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 15എ കർണികാരം, പട്ടത്താനം നഗർ, പട്ടത്താനം, കൊല്ലം. |
| ഡോ. നിതിൻതോമസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | |
| ശ്രീ.രാജു. | സെക്രട്ടറി | ന്യൂ ഗാർഡൻ, പൊടിയാറ്റുനിള (പി.ഒ), വാളകം |

## 4-9 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 | എൽ.എഫ്.ക്യൂ.പി.7-1324(8)/14,തീയതി 19.06.14 |
| 2000-01 | എൽ.എഫ്.ക്യൂ.പി.7-1324(9)/14, തീയതി 19.06.14 |
| 2001-02 | എൽ.എഫ്.ക്യൂ.പി.7-1324(10)/14,തീയതി 19.06.14 |
| 2002-03 | എൽ.എഫ്.ക്യൂ.പി.7-1324(11)/14, തീയതി 19.06.14 |
| 2003-04 | എൽ.എഫ്.ക്യൂ.പി.7-1324(12)/14,തീയതി 19.06.14 |
| 2004-05 | എൽ.എഫ്.ക്യൂ.പി.7-1324(13)/14,തീയതി 19.06.14 |

| | |
|---|---|
| 2005-06 | എൽ.എഫ്.ക്യു.പി.7-1324(14)/14,തീയതി 19.06.14 |
| 2006-07 | എൽ.എഫ്.ക്യു.പി.7-1324(15)/14,തീയതി 19.06.14 |
| 2007-08 | എൽ.എഫ്.ക്യു.പി.7-1324(16)/14,തീയതി 19.06.14 |
| 2008-09 | എൽ.എഫ്.ക്യു.പി.7-1324(17)/14,തീയതി 19.06.14 |
| 2009-10 | എൽ.എഫ്.ക്യു.പി.7-1324(18)/14,തീയതി 19.06.14 |
| 2010-11 | എൽ.എഫ്.ക്യു.പി.7-1324(19)/14, തീയതി 19.06.14 |
| 2011-12 & 2012-13 | എൽ.എഫ്.ക്യു.പി.7-1912/13,തീയതി 31.03.14 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി7.704/2016 തീയതി 17.05.2016. |
| 2015-2016 | കെ.എസ്.എ.കെ.എൽ.എം-പി7. 59/2017 തീയതി04.02.201 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം.

# 4-10

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം.പി-1/1778/2017


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in


തീയതി –31/10/2017

സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യപത്രിക, വരവു-ചെലവുകണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.